31/12/21

18/12/21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം


**തിരുവനന്തപുരം 695 001.**

**ഫോൺ: 0471 – 2561614, ഫാക്സ്: 0471-2330920**

**E-mail:- sic.ker@nic.in**


**CP.270(1)/2021/SIC തീർപ്പ് കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.6567/SIC-G4/2021**

**സന്നിഹിതൻ**

**ഡോ.വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**
**തീയതി : 2021 ഡിസംബർ 18**

ശ്രീ.കെ.സോമാനന്ദൻ
എം.എം.ആർ.എ.-91, യമുന,
മണ്ണാമ്മൂലപ്പാലം ജംഗ്ഷൻ,
മണികണ്ഠേശ്വരം പി.ഒ.
തിരുവനന്തപുരം - 695 013
} പരാതി ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
   കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി, കൊച്ചിൻ യൂണിവേഴ്സിറ്റി പി.ഒ.,
   കൊച്ചിൻ - 682 022.
2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
   സാരാഭായ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി, വെള്ളനാട്,
   തിരുവനന്തപുരം - 695 543.

} എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ പരാതി ഹർജിയിൽ 08.09.2021 -ന് കമ്മീഷൻ പുറപ്പെടുവിച്ച താത്കാലിക ഉത്തരവിൽ സാരാഭായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി, വെള്ളനാട് എന്ന സ്ഥാപനം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതാണോ എന്ന കാര്യം പരിശോധിക്കുന്നതിനായി ടി സ്ഥാപനത്തിന് ലഭിക്കുന്ന സർക്കാർ സാമ്പത്തിക സഹായം, ഏതെങ്കിലും വിധത്തിലുള്ള നിയന്ത്രണം സർക്കാരിനുണ്ടോ തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല രജിസ്ട്രാറിനോട് കമ്മീഷൻ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല രജിസ്ട്രാർ

സമർപ്പിച്ച റിപ്പോർട്ട് കമ്മീഷൻ പരിശോധിച്ചു. സാരാഭായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി, വെള്ളനാട് എന്ന സ്ഥാപനം Space Engineers Welfare Society (SEWELS) എന്ന ചാരിറ്റബിൾ സൊസൈറ്റീസ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്ന സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന ഒരു സ്ഥാപനമാണെന്നും, ടി സ്ഥാപനത്തിന് ഏതെങ്കിലും തരത്തിലുള്ള ഗണ്യമായ സാമ്പത്തിക സഹായം സർക്കാരിൽ നിന്നും ലഭിച്ചതായി അറിവില്ലെന്നും, സർക്കാരിന് ടി സ്ഥാപനത്തിന്റെ ഭരണത്തിൽ നേരിട്ട് നിയന്ത്രണമൊന്നുമില്ലെന്നുമാണ് രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. മാത്രമല്ല പരാതി ഹർജിക്കാരൻ ടിയാന്റെ ഹർജിയിൽ ബോധിപ്പിച്ചതും ടി സ്ഥാപനം ഒരു "Self Financing" സ്ഥാപനമാണെന്നാണ്. വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ പരാമർശിച്ച പ്രകാരം ടി സ്ഥാപനം സർക്കാരിൽ നിന്നും 2009-2010 ൽ കൈപ്പറ്റിയ 2,76,000/- രൂപയും 2010-2011 ൽ കൈപ്പറ്റിയ 13,64,000/-രൂപയും ടി സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനത്തിനായി നൽകിയ ഗണ്യമായ ധനസഹായമായി കരുതാനും നിർവ്വാഹമില്ല. വിവരാവകാശ അപേക്ഷ സമർപ്പിച്ച സാരാഭായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജി എന്ന സ്ഥാപനം ടി നിയമത്തിന്റെ പരിധിയിൽ വരുന്നതാണെന്ന് തെളിയിക്കാനുള്ള ബാധ്യത ഹർജിക്കാരന്റെ ചുമതലയാണെന്നിരിക്കെ ആയത് തെളിയിക്കുന്നതിനു പര്യാപ്തമായ രേഖകൾ ടിയാൻ കമ്മീഷൻ മുമ്പാകെ ഹാജരാക്കിയിട്ടുമില്ല.

മേൽപ്പറഞ്ഞ കാരണങ്ങളാൽ സാരാഭായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി, വെള്ളനാട് എന്ന സ്ഥാപനം വിവരാവകാശ നിയമം 2005 ലെ 2(h) വകുപ്പ് പ്രകാരമുള്ള പൊതു അധികാര സ്ഥാപനമല്ലെന്ന് വിലയിരുത്തി ഈ പരാതി ഹർജിയിലെ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം ഡിസംബർ 18- ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ.വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

NAS